**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **19-09-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാഭ ടണൽമോ; | (എ) | വടക്കാഞ്ചേരി ബൈപ്പാസ്, കൊടുങ്ങല്ലൂർ ഷൊർണ്ണൂർ SH 22 ൽ നിന്നും കരുതക്കാട് പള്ളിക്ക സമീപം ആരംഭിച്ച് 5.630 km നീളത്തിൽ അകമലയിൽ അവസാനിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.പദ്ധതിയ്ക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തെ ഏൽപ്പിക്കുകയും അതനുസരിച്ച് ടോപോഗ്രാഫിക് വർക്കുകൾ നടത്തി പദ്ധതിയുടെ ഡ്രാഫ്റ്റ് ഹൊറിസോണ്ടൽ അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിരുന്നു.<br><br>ബൈപ്പാസ് അകമലക്ക ചേരുന്നിടത്ത് റെയിൽവേ മേൽപ്പാലം (ROB) നിർമ്മാണം സംബന്ധിച്ച് Kerala Rail Development Corporation (KRDCL) മുഖേന നിർദിഷ്ട ROB യുടെ GAD തയ്യാറാക്കി റെയിൽവേയിൽ നിന്നുമുള്ള അനുമതിക്കായി സമർപ്പിക്കുകയും, അതിന് റെയിൽവേയിൽ നിന്നു ഭരണാനുമതി ലഭിച്ചിട്ടുമുണ്ട്. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം KRDCL- ന്റെ കീഴിൽ ആയിരിക്കും പൂർത്തീകരിക്കുക.<br><br>വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിനായി **Rs.223.36** കോടി രൂപയുടെ **DPR -** ചീഫ് എഞ്ചിനീയർ കിഫ്ബിയിൽ സമർപ്പിക്കുകയും**,** **26.08.2025-**ൽ കിഫ്ബി **DPR** അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്**.** തുടർന്ന് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്നു**.** കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പ്രവർത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു**.** |

| | | | |
|---|---|---|---|
| (ബി) | വടക്കാഞ്ചേരി ബൈപ്പാസിലെ നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതിയുടെ വിവരം കെ.ആർ.എഫ്.ബി.യിൽ നിന്നും ലഭ്യമാക്കുമോ; | (ബി) | റെയിൽവേ സ്പാനുമായി ബന്ധപ്പെട്ട് KRDCL (Kerala Rail Development Corporation Ltd) മുഖേന ഡ്രാഫ്റ്റ്, ജനറൽ അറേൻജ്മെന്റ് ഡ്രോയിങ് റെയിൽവേയിൽ നിന്നും ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഡി.പി.ആർ.ന്റെ സംഗ്രഹ വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | നിർദിഷ്ട ബൈപ്പാസ് അലൈൻമെന്റിൽ ഉൾപ്പെടുന്ന, ആളൂർ പുഴക്ക് കുറുകെ 50m നീളത്തിൽ മിനി ബ്രിഡ്ജ്, ch.5/320 ൽ ROB, എന്നിവയും അടങ്ങിയിട്ടുണ്ട്. റെയിൽവേ ഭാഗം ഡിസൈൻ ചെയ്തിരിക്കുന്നത് KRDCL ഉം ലാൻഡ് സ്പാൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗവുമാണ്. 223.28 കോടിയിൽ ഭൂമി ഏറ്റെടുക്കൽ, utility shifting, soil stabilization, affected structures, Railway span നിർമ്മാണം എന്നിവ കൂടെ ഉൾപ്പെടുന്നുണ്ട്. ബൈപാസ് നിർമ്മാണത്തിനായി 114.25 കോടി, Soil stabilization വർക്കുകൾക്കായി 45 കോടി രൂപയും, കെട്ടിടങ്ങളുടെ വാല്യവേഷനായി 11.61 കോടി, utility shifting 53.48 ലക്ഷം, land acquisition 3.15 കോടി, റെയിൽവേ സ്പാൻ നിർമ്മാണത്തിനായി 28.15 കോടി എന്നിങ്ങനെയാണ് |

സെക്ഷൻ ഓഫീസർ